LIBRARY ARCHIVES Kerala Legislative Assembly

## ബേഡൂരിൽ ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രം ആരംഭിക്കാൻ നടപടി

146. [2987] ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വെസ്റ്റ് എളേരി പഞ്ചായത്ത് മൂന്നാം വാർഡിലെ ബേഡൂരിൽ ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രം ആരംഭിക്കുന്നതിന് നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സെൻററിന്റെ നിർമ്മാണത്തിനുവേണ്ടി ആവശ്യമായ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ടോ ; എങ്കിൽ എത്ര സെന്റ് ;

(സി) സബ് സെൻററിന്റെ നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ ഘട്ടം വ്യക്തമാക്കാമോ ;

(ഡി) സെൻറർ എന്നു മുതൽ പ്രവർത്തിച്ചുതുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പത്ത് സെന്റ് ഭൂമിയുടെ അവകാശ കൈമാററ അപേക്ഷ ഡി. എം. ഒ.-ക്ക് ലഭിച്ചിട്ടുണ്ട്.

(സി) ആന്റ് (ഡി) ഭൂമി കൈവശരേഖ ലഭിച്ചതിനു ശേഷമേ നിർമ്മാണ നടപടികൾ ആരംഭിക്കുകയുള്ളു.

## സ്വകാര്യ ആശുപത്രികളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച നിയമം

147. [2988] ശ്രീ. പുനലൂർ മധു :
ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ചികിൽസാ കേന്ദ്രങ്ങൾക്ക് വേണ്ടത്ര യോഗ്യതയുള്ള ജീവനക്കാരും ആവശ്യമായ സജ്ജീകരണങ്ങളും ഇല്ലായെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) സ്വകാര്യ ആശുപത്രികളിൽ ചികിൽസക്കായി എത്തുന്ന രോഗികളിൽ നിന്നും ചില സ്ഥാപനങ്ങൾ അമിത ഫീസ് ഈടാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വകാര്യ ആശുപത്രികളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് ഒരു നിയമം ഉണ്ടാക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ ചികിൽസാ കേന്ദ്രങ്ങളുടെമേൽ നടപടി സ്വീകരിക്കുവാൻ ഇപ്പോൾ സർക്കാരിന് അധികാരമില്ല.